തിരുവാതിരക്കളി ആശാൻമാരുടെ അംഗീകാരവും പെൻഷനും

36 [616] *ശ്രീ ജി. കാർത്തികേയൻ:*

,, *പി. ടി. തോമസ്:*

,, *എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാതിരക്കളി ഒരു അനുഷ്ഠാനകലയായും വിനോദത്തിനുള്ള കലയായും കേരളത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ;

(ബി) യുവജനോൽസവത്തിൽ ഈ കലയ്ക്ക് മത്സരം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ കലയെ സംഗീതനാടക അക്കാഡമിയോ, ഫോക്കുലോർ അക്കാഡമിയോ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) തിരുവാതിരക്കളി ആശാൻമാർക്ക് ഏതെങ്കിലും സാംസ്കാരിക അക്കാഡമി ഫെല്ലോഷിപ്പോ മറ്റ് അംഗീകാരമോ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) വൃദ്ധരായ തിരുവാതിരക്കളി ആശാൻമാർക്ക് അവശകലാകാരൻമാർക്കുള്ള പെൻഷൻ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരള സംഗീതനാടക അക്കാഡമി അംഗീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മത്സരം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള സംഗീതനാടക അക്കാഡമി അംഗീകരിച്ചിട്ടുണ്ട്.

(ഡി) കേരള സംഗീതനാടക അക്കാഡമി അവാർഡും ഗുരുപൂജാ പുരസ്കാരവും നൽകിവരുന്നുണ്ട്.

(ഇ) ഉണ്ട്.

(ചോദ്യകർത്താവ് സഭാംഗത്വം രാജിവച്ചതിനാൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 617 പരിഗണനയ്ക്കെടുത്തില്ല)

LIBRARY ARCHIVES Kerala Legislative Assembly